**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4163** **28-06-2024 - ൽ മറുപടിയ്ക്ക്**

**ഡയറക്ട് സെല്ലിംഗ് ബിസിനസ്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിയമപരമായി ഡയറക്ട് സെല്ലിംഗ് ബിസിനസ്സ് നടത്തുന്ന സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | വിവരം ശേഖരിച്ച് സൂക്ഷിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ബി) | നിയമപരമല്ലാതെ ഏതെങ്കിലും സ്ഥാപനങ്ങൾ പ്രസ്തുത ബിസിനസ്സ് നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; | (ബി) | ഉണ്ട്. തൃശ്ശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഹൈറിച്ച് ഓൺലൈൻ ഷോപ്പി എന്ന സ്ഥാപനത്തിനെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. തൃശ്ശൂർ റൂറൽ പോലീസ് ജില്ലയിലെ ചേർപ്പ് പോലീസ് സ്റ്റേഷനിൽ ക്രൈം നം.1070/23 U/s 3,4,5,6 Prize Chits & Money Circulation Schemes (Banking Act 1978) & 3 r/w 21, 4 r/w22, 5&6 r/w23 BUDS Act പ്രകാരം 18-09-23 തീയതി ഹൈറിച്ച്എന്ന സ്ഥാപനത്തിനെതിരെയും, മാനേജിങ് ഡയറക്ടർ പ്രതാപൻ, ഡയറക്ടർ ശ്രീന പ്രതാപൻ എന്നിവർക്കെതിരെയും ചേർപ്പ് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും, ആയത് അന്വേഷണാവസ്ഥയിലുമാണ്. ഈ കേസിന്റെ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത വിവരം BUDS Act സെക്ഷൻ 29 പ്രകാരം കോംപീറ്റന്റ് അതോറിറ്റിക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. തൃശ്ശൂർ ജില്ലാ കളക്ടറുടെ ഉത്തരവ് പ്രകാരം സ്ഥാപനത്തിന്റേയും പ്രതികളുടേയും മക്കളുടേയും പേരിലുള്ള വിവിധ ബാങ്കുകളിലുള്ള 41 അക്കൗണ്ടുകളും അതിലുള്ള തുകകളും മരവിപ്പിച്ചിട്ടുള്ളതും, പ്രതികളുടെ പേരിലുള്ള സ്ഥാവരജംഗമ വസ്തുക്കളും 11 വാഹനങ്ങളും കണ്ടുകെട്ടി യിട്ടുള്ളതാണ്. ഈ വിഷയം സംബന്ധിച്ച് കൂടുതൽ അന്വേഷണങ്ങൾ നടന്നുവരുന്നു. |
| (സി) | നിയമപരമായി ഡയറക്ട് സെല്ലിംഗ് ബിസിനസ്സ് നടത്തുന്ന സ്ഥാപനങ്ങൾക്ക് എന്തൊക്കെ നിയമപരിരക്ഷയാണ് നൽകിവരുന്നതെന്ന് വിശദമാക്കാമോ; | (സി) | ഡയറക്ട് സെല്ലിംഗ് ബിസിനസ് നടത്തുന്ന സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ നിർബന്ധമാക്കുന്നത് സംബന്ധിച്ച് മാനദണ്ഡങ്ങൾ നിശ്ചയിച്ച് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഗൈഡ് ലൈൻ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ വേഗത്തിൽ പുരോഗമിച്ചു വരികയാണ്. പ്രസ്തുത മാനദണ്ഡങ്ങൾക്ക് അംഗീകാരം ലഭ്യമാകുന്നതോടെ ഡയറക്ട് സെല്ലിംഗ് ബിസിനസുമായി ബന്ധപ്പെട്ട മുഴുവൻ പ്രവർത്തനങ്ങളും ഒരു കുടക്കീഴിൽ കൊണ്ടുവന്ന് ബിസിനസ് നടത്തുന്ന സ്ഥാപനങ്ങൾക്കും ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്കും നിയമപരമായ എല്ലാ സുരക്ഷയും സംരക്ഷണവും ഉറപ്പുവരുത്തുവാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | നിയമപരമായി പ്രസ്തുത ബിസിനസ്സ് നടത്തുന്ന കമ്പനിയിൽ അംഗമായ കൺസൾട്ടന്റുമാർക്ക് ഏതൊക്കെ തരത്തിലുള്ള പ്രോത്സാഹനങ്ങളും മറ്റ് സംരക്ഷണങ്ങളും നൽകുന്നുണ്ടെന്ന് വ്യക്തമാക്കാമോ? | (ഡി) | ക്ലോസ്(സി)യുടെ മറുപടി കണ്ടാലും. |

സെക്ഷൻ ഓഫീസർ